(3) മറൈൻ സൗകര്യങ്ങൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പഠനങ്ങളായ ആഴക്കടൽ സർവ്വേ (ബാത്തി മെട്രിക് സർവ്വേ) മൂറിംഗ് അനാലിസിസ്, വേവ് ഡേറ്റാ സർവ്വേ എന്നിവയും പൂർത്തിയായി വരുന്നു.

(4) ബേസിക്ക് എൻജിനീയറിംഗ് പാക്കേജ് പഠനം 2005 സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഷെഡ്യൂൾ പ്രകാരം 2006 ഏപ്രിൽ മാസത്തിൽ എൽ.എൻ.ജി. ടെർമിനലിന്റെ ഇ.പി.സി. കോൺട്രാക്ട് പൂർത്തീകരിച്ചു നൽകാൻ കഴിയുമെന്നും 2009 ആഗസ്റ്റ് മാസത്തോടെ യന്ത്ര സംവിധാനങ്ങളുടെ പൂർത്തീകരണം (മെക്കാനിക്കൽ കംപ്ലീഷൻ) നടത്താമെന്നും 2009 അവസാനത്തോടെ ടെർമിനൽ കമ്മീഷൻ ചെയ്യാമെന്നും പ്രതീക്ഷിക്കുന്നു.

ഗവൺമെന്റ് സർവ്വീസിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹതപ്പെട്ട നിയമനം

85 [32] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *യു. സി. രാമൻ:*
,, *കളത്തിൽ അബ്ദുള്ള:*
,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സർവ്വീസിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹതപ്പെട്ട നിയമനം ലഭിച്ചിട്ടില്ലെന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നടപടികൾ എന്നത്തേയ്ക്ക് തുടങ്ങുമെന്നും എത്രകാലംകൊണ്ട് ബാക്ക്‌ലോഗ് പരിഹരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) ന്യൂനപക്ഷ സമുദായങ്ങളെ സംബന്ധിച്ച് നരേന്ദ്രൻ കമ്മീഷൻ പഠനം നടത്തിയിട്ടില്ല. പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ചാണ് നരേന്ദ്രൻ കമ്മീഷന്റെ ശുപാർശകൾ.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. സെലക്ട് ലിസ്റ്റ്

86 [36] *ശ്രീ. തേനാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ആഗസ്റ്റ് 21-ാം തീയതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പൊതുമരാമത്ത് വകുപ്പിലെ സിവിൽവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാരെ തെരഞ്ഞെടുക്കുവാൻ നടത്തിയ പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY.ARCHIVES Kerala Legislative Assembly